വാഴക്കുളം (മാറമ്പള്ളി) പി.എച്ച്.സി.-യിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

108 (2236) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴക്കുളം പഞ്ചായത്തിലെ വാഴക്കുളത്തുള്ള (മാറമ്പള്ളി) പി.എച്ച്. സെന്ററിൽ എത്ര പേരെ കിടത്തി ചികിത്സിക്കാനുള്ള വാർഡ് സൗകര്യം ഉണ്ടെന്നും എത്രപേരെ കിടത്തി ചികിത്സിക്കാൻ അനുമതി ഉണ്ടെന്നും എന്നു മുതൽ എന്നുവരെ എത്രപേരെ വീതം ഓരോ മാസവും കിടത്തി ചികിത്സിക്കുന്നു എന്നും കിടത്തി ചികിത്സ എന്തുകൊണ്ടാണ് നിർത്തിയത് എന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പി.എച്ച്.സി.യിൽ എന്നുമുതൽ കിടത്തി ചികിത്സ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) വാഴക്കുളം പി.എച്ച്.സി.യിൽ ഇപ്പോൾ ദൈനംദിനം എത്ര ഔട്ട്പേഷ്യന്റ് സ് വന്ന് ചികിത്സ നടത്തുന്നുവെന്നും പ്രതിവർഷം എത്ര രൂപയ്ക്കുള്ള മരുന്നും മറ്റു സാമഗ്രികളുമാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പി.എച്ച്.സി. വിപുലപ്പെടുത്തുന്നതിനും കിടത്തി ചികിത്സ നൽകുന്നതിനും ഔട്ട്പേഷ്യൻസിനും ഇൻപേഷ്യൻസിനും ആവശ്യമുള്ള മുഴുവൻ മരുന്നുകളും മറ്റു സാമഗ്രികളും നൽകുവാനും ഒരു ലാബറട്ടറിയുടെ സൗകര്യമുണ്ടാക്കുവാനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വാഴക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 20 കിടക്കകളുള്ള വാർഡാണ് അനുവദിച്ചിട്ടുള്ളതെങ്കിലും 15 കിടക്കകളാണ് നിലവിലുള്ളത്. 1994-ൽ ആണ് ആദ്യമായി കിടത്തി ചികിത്സ ആരംഭിച്ചത്. ആ വർഷം കിടത്തി ചികിത്സിച്ച രോഗികളുടെ എണ്ണം 22 ആണ്. 1995 മുതൽ 97 വരെ കിടത്തി ചികിത്സ നടന്നില്ല. പിന്നീട് 1998-ലാണ് കിടത്തി ചികിത്സ പുനരാരംഭിച്ചത്. 1998 മുതൽ 2002 വരെ ഒരു മാസം ഏകദേശം 25 പേരെ വീതം കിടത്തി ചികിത്സിച്ചിട്ടുണ്ട്. 2002 ഫെബ്രുവരി 5 മുതൽ കെട്ടിടത്തിന്റെ ശോച്യാവസ്ഥമൂലം കിടത്തി ചികിത്സ നിർത്തിവച്ചിരിക്കുകയാണ്.

(ബി) കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് കിടത്തി ചികിത്സ പുനരാരംഭിക്കുന്നതാണ്.

(സി) ദൈനംദിനം ഏകദേശം 150 പേർ ചികിത്സയ്ക്കായി വരുന്നുണ്ട്. ഏകദേശം ഒന്നരലക്ഷം രൂപയുടെ മരുന്നും മറ്റു സാമഗ്രികളും പ്രതിവർഷം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും അനുവദിച്ചിട്ടുള്ള മരുന്നുകൾ ഈ പി.എച്ച്.സി.-യിൽ ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ച് മരുന്നുകൾ വാങ്ങുന്നുണ്ട്. മരുന്നുകളും മറ്റു സാമഗ്രികളും കൂടുതലായി ആവശ്യം വന്നാൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലാബോറട്ടറിയുടെ ആവശ്യത്തിലേക്കായി പ്ലാനും എസ്റ്റിമേറ്റും 2003-04-ലെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നകാര്യം പരിശോധനയിലാണ്.

മുതക്ക, പട്ടിമറ്റം, പി.എച്ച്.സി.കളിൽ കിടത്തി ചികിത്സ ആരംഭിക്കുവാൻ നടപടി

109 (2237) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതക്ക, പട്ടിമറ്റം, പി. എച്ച്.സി.-കളിൽ എം. പി. ഫണ്ടിൽ നിന്നും 10 പേർക്ക് വീതം കിടത്തി ചികിത്സയ്ക്കുള്ള വാർഡുകൾ നിർമ്മിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വാർഡുകളിൽ കിടത്തി ചികിത്സ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പി.എച്ച്.സി.-യിൽ ദിനംപ്രതി എത്ര രോഗികൾ പുറത്തുനിന്ന് വന്ന് ചികിത്സ നടത്തിപ്പോകുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഗ്രാമപ്രദേശങ്ങളിൽനിന്നുള്ള രോഗികളാണ് ഇവിടെ വരുന്നത് എന്നുള്ളതുകൊണ്ട് കൂടുതൽ മരുന്നും മറ്റ് സാമഗ്രികളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കിടത്തി ചികിത്സയ്ക്ക് ആവശ്യമായ ജീവനക്കാരും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(സി) പട്ടിമറ്റം പി.എച്ച്.സി.-യിൽ ഏകദേശം 62 രോഗികൾ പുറത്ത്നിന്ന് ചികിത്സ നടത്തിപോകുന്നുണ്ട്.

(ഡി) ജില്ലാ മെഡിക്കൽ സ്റ്റോറിൽനിന്നും അനുവദിച്ചിട്ടുള്ള മരുന്നുകൾ ഇവിടേക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മരുന്നുകളും മറ്റ് സാമഗ്രികളും ആവശ്യമായി വന്നാൽ അവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly